ഉപയോഗപ്പെടുത്താൻ അനുവാദം നൽകിയിട്ടുണ്ട്. ഖരമാലിന്യ പ്രശ്നം രൂക്ഷമായ ചന്തകൾ, അറവുശാലകൾ, സ്കൂളുകൾ, ആശുപത്രികൾ, തുടങ്ങിയ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനായി ആവശ്യമായി വരുന്ന തുകയുടെ 75 ശതമാനമോ പരമാവധി 4 ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വം യജ്ഞം ഫണ്ടിൽ നിന്നും നൽകിവരുന്നു. കൂടാതെ ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യസംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാനായി വേണ്ടിവരുന്ന തുകയുടെ 50 ശതമാനമോ, പരമാവധി 7.50 ലക്ഷം രൂപയോ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഭാഗിക സാമ്പത്തിക സഹായമായി ശുചിത്വമിഷൻവഴി ലഭ്യമാക്കിവരുന്നു.

(ഡി) ഉണ്ട്. ഖര മാലിന്യ സംസ്ക്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ സർക്കാർ അംഗീകരിച്ചിട്ടുള്ളതിൽ ഒരു സങ്കേതമാണ്. ആയതിനാൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകിവരുന്നു. ഖരമാലിന്യ പ്രശ്നം കൂടുതലുള്ള പ്രദേശങ്ങളായ ചന്തകൾ, അറവുശാലകൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായി വരുന്ന തുകയുടെ 75 ശതമാനം തുകയോ പരമാവധി 4 ലക്ഷം രൂപയോ ഭാഗിക സാമ്പത്തിക സഹായമായി സമ്പൂർണ്ണ ശുചിത്വ യജ്ഞംവഴി നൽകിവരുന്നു.

ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മിനിമം കൂലി

13 (*493) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. ബി. രാഘവൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പണികൾക്ക് മിനിമം കൂലി 200 രൂപയാക്കുന്നതിന് കേരളം ദേശീയ തൊഴിലുറപ്പ് കൗൺസിലിന്റെ അംഗീകാരം നേടിയിട്ടുണ്ടോ ;

(ബി) എങ്കിൽ കൗൺസിലിന്റെ പ്രതികരണം എന്താണ് ;

(സി) കാർഷിക മേഖലയിൽ സംസ്ഥാനത്തെ മിനിമം കൂലി എത്ര രൂപയാണ് ;

(ഡി) മിനിമം വേതനം നൽകാൻ കഴിയാത്തതുമൂലം തൊഴിലുറപ്പ് പദ്ധതിക്ക് ആളെക്കിട്ടാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോ ;

(ഇ) എങ്കിൽ ഇത് എങ്ങനെ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) മിനിമം വേതനം 200 രൂപയാക്കുന്നതിന് കേരളം കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിനാണ് നിവേദനം നൽകിയിട്ടുള്ളത്. ആയതിനാൽ കൗൺസിലിൽനിന്ന് പ്രതികരണം ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാർ നിവേദനത്തിലെ ആവശ്യം അംഗീകരിച്ചിട്ടില്ല.

(സി) കാർഷിക മേഖലയിൽ സംസ്ഥാനത്തെ മിനിമംകൂലി 200 രൂപയാണ്.

(ഡി) ഉണ്ട്.

(ഇ) കൂലി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ മുമ്പാകെ ശക്തമായ സമ്മർദ്ദം ചെലുത്താൻ ഉദ്ദേശിക്കുന്നു.

മത്സ്യത്തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി

14 (*494) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ ഒരു സാമൂഹ്യ സുരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ഇപ്രകാരം നടപ്പാക്കുന്നത് ;

(സി) ഈ പദ്ധതിയിൻ കീഴിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട് ;

(ഡി) ഈ വർഷം എന്തൊക്കെ പുതിയ സുരക്ഷാ പദ്ധതികൾകൂടി ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly